(ബി) കേരളത്തിൽ ഇന്റർനെറ്റിന്റെ ഉപയോഗം സമീപ വർഷങ്ങളിലായി കത്തനെ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഇന്റർനെറ്റിന്റെ ഉപയോഗം വർദ്ധിച്ചു വരുന്നതിന് സമാനമായി സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണവും പെരുകി വരുന്നു. കേരളത്തിലെ സ്കൂൾ കുട്ടികൾക്കിടയിൽ ഇന്റർനെറ്റിന്റെ ഉപയോഗം വ്യാപകമാകുന്നതിന് അനുസൃതമായി ഇവർക്കിടയിൽ ഇന്റർനെറ്റിന്റെ ദുരുപയോഗവും വ്യാപകമാവുകയാണ്. ഈ സാഹചര്യത്തിൽ സ്കൂൾ കുട്ടികൾക്കിടയിൽ വ്യാപകമായിക്കൊണ്ടിരിക്കുന്ന ഇന്റർനെറ്റിന്റെ ദുരുപയോഗത്തിനെതിരെ വ്യാപകവും നീണ്ടുനിൽക്കുന്നതുമായ അവബോധ പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് സൈബർ ദർശൻ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) കേരളത്തിലെ എല്ലാ ജില്ലകളിലെയും സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കിടയിൽ ഇന്റർനെറ്റിന്റെ ദുരുപയോഗത്തിനെതിരെ വ്യാപകമായ അവബോധം സൃഷ്ടിക്കുക എന്നതാണ് സൈബർ ദർശൻ പദ്ധതിയുടെ ആദ്യഘട്ടം. സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും അവർ പിന്നീട് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ഇടയിൽ അവബോധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. രണ്ടാംഘട്ടത്തിൽ സ്കൂളുകളിൽ സൈബർ ക്ലബ്ബുകൾ രൂപീകരിക്കാനും പദ്ധതി വിഭാവനം ചെയ്യുന്നു. സ്കൂളുകളിലെ പ്രധാന അദ്ധ്യാപകൻ/അദ്ധ്യാപിക, അദ്ധ്യാപക പ്രതിനിധി, പി.ടി.എ. ഭാരവാഹി, ഏതാനും വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ അടങ്ങുന്നതായിരിക്കും സ്കൂളുകളിലെ സൈബർ ക്ലബ്ബുകൾ. അതത് സ്കൂളുകളിലെ ഇന്റർനെറ്റ് ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സൈബർ കുറ്റങ്ങൾ തുടങ്ങിയവ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ, മറ്റ് തനത് പരിപാടികൾ എന്നിവയായിരിക്കും സൈബർ ക്ലബ്ബുകളുടെ പ്രവർത്തന മേഖല. ഇത്തരം ക്ലബ്ബുകളുടെ പ്രവർത്തനത്തിലൂടെ ഉത്തരവാദിത്വത്തോടെ ഇന്റർനെറ്റ് ഉപയോഗിക്കുന്ന വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാൻ ആവുമെന്നാണ് സൈബർ ദർശൻ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്.

(ഡി) ഇപ്പോൾ പദ്ധതി നടപ്പിലാക്കിവരുന്നത് സി-ഡിറ്റ് മുഖേനയാണ്.

അംഗൻവാടികളുടെ ശോച്യാവസ്ഥ

30 (*300) ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സുരക്ഷിതമല്ലാത്ത വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗൻവാടികൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) നിർമ്മാണം കഴിഞ്ഞിട്ടും അംഗൻവാടികൾക്കായി കൈമാറാത്ത കെട്ടിടങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) സംസ്ഥാനത്ത് ശോച്യാവസ്ഥയിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അംഗൻവാടികൾക്ക് വിവിധ പദ്ധതികളിലുൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ ശോച്യാവസ്ഥയിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളെ സുരക്ഷിതമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനും സൗകര്യങ്ങൾ ഇല്ലാത്ത വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ സൗകര്യമുള്ള കെട്ടിടങ്ങൾ കണ്ടെത്തി മാറ്റി പ്രവർത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. സുരക്ഷിതമല്ലാത്ത വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളെ സുരക്ഷിതമായ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) NABARD, RIDF പദ്ധതികളിൽ ഉൾപ്പെടുത്തി 84 എണ്ണം, മാതൃകാ അംഗൻവാടി പദ്ധതി പ്രകാരം 34 എണ്ണം, പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 22 എണ്ണം എന്നിങ്ങനെ വിവിധ പദ്ധതികളിലായി 140 അംഗൻവാടികൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) നിർമ്മാണം കഴിഞ്ഞിട്ടും അംഗൻവാടികൾ കൈമാറിയിട്ടില്ലാത്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly